**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3606.** **12.05.2017 ൽ മറുപടിയ്ക്ക്**

**മയക്കമരുന്നിന്റെ ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്നിന്റെ ഉപഭോഗം വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കമരുന്ന് വിതരണം ചെയ്യുന്ന ചില റാക്കറ്റുകൾ പ്രവർത്തിക്കുന്നത് തടയുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിതരണം ചെയ്യുന്ന റാക്കറ്റുകൾ പ്രവർത്തിക്കുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടത്തി വരുന്നത്. സ്കൂൾ, കോളേജ് പരിസ രങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപ ണനം, ഉപയോഗം തുടങ്ങിയ പ്രവർത്തന ങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപ യോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതു ജനങ്ങളുടെയും സഹകരണത്തോടെ നടപടി കൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | മയക്കമരുന്ന് അതിർത്തി കടന്ന് കേരളത്തിലെത്തുന്നത് തടയുവാൻ ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ഗാർഡുമാരുടെ സേവനം ഉപയോഗപ്പെടുത്തുമോ? | (സി) | ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ ചെക്ക് പോസ്റ്റുകളിൽ മറ്റ് ഓഫീസുകളിൽ നിന്നും ജീവനക്കാരെ നിയോഗിച്ച് വരുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**